# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5919**

**07.07.2014 ലെ മറുപടിക്ക്**

**പ്രവാസി മലയാളികളുടെ വിമാനയാത്രാപ്രശ്നം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) സീസൺ കാലങ്ങളിൽ പ്രവാസി മലയാളികളുടെ വിമാനയാത്രാ നിരക്ക് വർദ്ധിപ്പിക്കുന്നതും അടിക്കടി വിമാനം റദ്ദാക്കുന്നതും സംബന്ധിച്ച പരാതികൾ നിലനിൽക്കുന്നത് കണക്കിലെടുത്ത് ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പ്രവാസികാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; | (എ): പ്രവാസികൾ, ഏറെയുള്ള സംസ്ഥാനത്തിന്റെ താല്പര്യത്തെ പ്രതികൂലമായി ബാധിക്കുന്ന വിമാനക്കമ്പനികളുടെ പ്രവർത്തനങ്ങൾക്കെതിരെ കേന്ദ്ര സർക്കാരിൽ നിരന്തര സമ്മർദ്ദം ചെലുത്തി വരുന്നു.<br><br>കൂടാതെ ഗൾഫ് മേഖലയിലേയ്ക്ക് മതിയായ വിമാന സർവ്വീസുകൾ നടത്തണമെന്നും എയർലൈനുകൾ തിരക്കുള്ള സമയങ്ങളിൽ അമിതമായ യാത്രാക്കൂലി ഈടാക്കുന്നില്ലായെന്ന് ഉറപ്പാക്കണമെന്നും കേന്ദ്ര വ്യോമയാന വകുപ്പിനോടും എയർ പോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയോടും എയർ ഇന്ത്യ എക്സ്പ്രസ്സിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രവാസികളുടെ വിവിധ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) പ്രവാസികൾ വിദേശത്ത് നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾക്ക് ബന്ധപ്പെട്ട രാജ്യങ്ങളിലെ ഇൻഡ്യൻ എംബസ്സി മുഖേനയും പ്രവാസിയുടെ കുടുംബം നാട്ടിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് റവന്യൂ, പോലീസ് മുതലായ വകുപ്പുകളുമായി ബന്ധപ്പെട്ടും നോർക്ക വകുപ്പ് പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്.<br><br>പ്രവാസി മലയാളികളുടെയും കുടുംബാംഗങ്ങളുടെയും വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.<br><br>1. തിരികെ വന്ന പ്രവാസികൾക്കായി, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മൂലധന/പലിശ സബ്സിഡി നൽകി സംരംഭം ആരംഭിക്കുന്നതിന് വേണ്ടുന്ന |

സഹായ സഹകരണങ്ങൾ നൽകുന്നതിനുള്ള പ്രവാസി പുനരധിവാസ പദ്ധതി-'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)'.

2. സംസ്ഥാനത്ത് നിക്ഷേപം നടത്താനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആഗ്രഹിക്കുന്ന പ്രവാസികൾക്ക് ബന്ധപ്പെട്ട ലൈസൻസിംഗ് ഉൾപ്പെടെ സഹായം നല്കുന്നതിന് വേണ്ടി നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ "നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ" പദ്ധതി.

3. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ തന്റേതല്ലാത്ത കാരണങ്ങളാൽ ശിക്ഷ അനുഭവിക്കുന്ന പ്രവാസികൾക്ക് നിയമ സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയായ 'പ്രവാസി ലീഗൽ അസിസ്റ്റൻസ്'.

4. വിദേശ രാജ്യങ്ങളിൽ ജയിൽ മോചിതരാകുന്ന നിർധനരായ പ്രവാസി മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നല്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള 'സ്വപ്നസാഫല്യം' പദ്ധതി.

5. തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാസഹായം, വിവാഹധനസഹായം, അംഗവൈകല്യം സംഭവിച്ചവർക്കുള്ള ധനസഹായം എന്നിവയും മരണമടയുന്ന പ്രവാസികളുടെ അനന്തരാവകാശികൾക്ക് മരണാനന്തര ധനസഹായവും നൽകുന്ന 'സാന്ത്വന പദ്ധതി'.

6. പ്രവാസികൾക്ക് നോർക്കയുടെ പദ്ധതികൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലകളിലും നോർക്ക റൂട്ട്സ് സെല്ലുകൾ
7. മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചെന്നൈ, ബാംഗ്ലൂർ, ബറോഡ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ നോർക്കാ റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ .
8. നോർക്കയുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദേശരാജ്യ

ങ്ങളിൽ നോർക്ക സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ബഹ്റിനിൽ നോർക്കാ സഹായ കേന്ദ്രം.

9. ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവല്ക്കരണം മൂലം തിരികെ എത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി സമഗ്ര പുനരധിവാസ പദ്ധതി.

10. മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ അന്വേഷകരുടെയും ഓൺലൈൻ വേദിയായ 'ജോബ് പോർട്ടൽ'.

11. നോർക്ക വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന '24 മണിക്കൂർ ഹെൽപ്പ് ലൈൻ/കോൾ സെന്റർ'.

12. വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവരിൽ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള സംയോജിത പരിശീലന പരിപാടിയായ 'പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം'.

13. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം വിദേശ തൊഴിൽ വിപണികളിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി.

14. ഇന്ത്യക്കുപുറത്തോ, ഇതര സംസ്ഥാനങ്ങളിലോ വെച്ച് മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേക നിധിയായ 'കാരുണ്യം പദ്ധതി'.

15. പ്രവാസികൾക്കായി പെൻഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ 'കേരളാ പ്രവാസി കേരളീയ ക്ഷേമനിധി'.

സെക്ഷൻ ഓഫീസർ